# മഹാത്മാഗാന്ധി സർവ്വകലാശാല

**കൃഷ്ണമൂർത്തി റ്റി.എസ്.**
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 - 2731020, 2732650
മൊബൈൽ : 9447660554

പി.ആർ.ഒ./39/187/2018 2018 സെപ്റ്റംബർ 01

## പത്രക്കുറിപ്പ്

### എം ജി വി സി യായി പ്രൊഫ. ഡോ. സാബു തോമസ് ചുമതലയേറ്റു

സീനിയർ പ്രൊഫസറും ലോക വിഖ്യാത നാനോ ശാസ്ത്രജ്ഞനുമായ പ്രൊഫ. സാബു തോമസ് മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസിലറായി ചുമതലയേറ്റു. പ്രൊ വൈസ് ചാൻസിലറായി പ്രവർത്തിക്കുകയായിരുന്നു. കഴിഞ്ഞ മുപ്പത് വർഷമായി മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ സേവനമനുഷ്ഠിക്കുന്ന പ്രൊഫ. തോമസ് സിൻഡിക്കേറ്റ് മെമ്പർ, ഇന്റേണൽ ഡീൻ, ക്വാളിറ്റി അഷ്വറൻസ് സെൽ ഡയറക്ടർ ഇന്റർ നാഷ്ണൽ ആന്റ് ഇൻരർ യൂണിവേഴ്സ് സെന്റർ ഫോർ നാനോ സയൻസ് സ്ഥാപക ഡയറക്ടർ, സ്കൂൾ ഓഫ് കെമിക്കൽ സയൻസ് ഡയറക്ടർ തുടങ്ങിയ സ്ഥാനങ്ങൾ അലങ്കരിച്ച ഇദ്ദേഹം ഗവേഷണ മേഖലയിൽ ലോകശ്രദ്ധ ആകർഷിച്ച വ്യക്തിയാണ്. ഐ ഐ റ്റി ഖാരഗ്പൂരിൽ നിന്നും പി. എച്ച് ഡി നേടിയ പ്രൊഫ. തോമസ് 850 -ൽ പരം ഗവേഷണ പ്രബന്ധങ്ങളുടെ രചിയിതാവും 107 ആധികാരിക ഗ്രന്ഥങ്ങളുടെ എഡിറ്ററുമാണ്.

നാനോ സയൻസ് പോളിമർ കോമ്പസിറ്റ്, ബയോ കോമ്പോസിറ്റ് വൈജ്ഞാനിക മേഖലകളെ വ്യവസായ ലോകവുമായി ബന്ധിപ്പിക്കുന്നതിന് അദ്ദേഹം നടത്തിയ ശ്രമങ്ങൾ ദേശിയ ശ്രദ്ധ പിടിച്ചുപറ്റി. 37 അന്തർദേശീയ ദേശീയ പ്രോജക്ടുകൾ എം ജി യൂണിവേഴ്സിറ്റിക്ക് നേടിക്കൊടുത്ത സാബു തോമസിന് നിരവധി അന്തർദേശീയ പുരസ്കാരങ്ങൾ തേടിയെത്തി. ഫ്രാൻസിലെ പ്രമുഖ സർവ്വകലാശാലയുടെ ആദര ഡോക്ടറേറ്റുകൾക്കു പുറമേ എം. ആർ. എസ്. ഐ അവാർഡ്, സി. ആർ. എസ്. ഐ അവാർഡ് എ പി ജെ അബ്ദുൾകലാം അവാർഡ് ടില അക്കാദമിക് ഓഫ് ദി ഇയർ അവാർഡ്,കരിയർ360 ഫാക്കൽറ്റി ഓഫ് ദി ഇയർ അവാർഡ് തുടങ്ങിയ നിരവധി അവാർഡുകൾ ഇതിൽ ഉൾപ്പെടും. 89 ഗവേഷണ വിദ്യാർത്ഥികളുടെ പി എച്ച് ഡി ഗൈഡായിരുന്ന പ്രൊഫ. സാബു തോമസ് മികച്ച അദ്ധ്യാപകനും ശാസ്ത്രജ്ഞനുമാണ്. 30 ൽ പരം രാജ്യങ്ങളിലായി 315 പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. 15 അന്താരാഷ്ട്ര സർവ്വകലാശാലകളുമായി ഗവേഷണ സഹകരണം നേടിയിട്ടുണ്ട്. പ്രൊഫ. സാബു തോമസിന്റെ ഭാര്യ ഡോ. ആൻ ജോർജ്ജ് കോട്ടയം മെഡിക്കൽ കോളേജിലെ അനാട്ടമി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറാണ്. മകൻ മാർട്ടിൻ ജോർജ്ജ് എം ടെക് വിദ്യാർത്ഥിയും മകൾ ക്രിസ്റ്റിൻ റോസ് തോമസ് മെഡിക്കൽ വിദ്യാർത്ഥിയുമാണ്.

**അടിക്കുറിപ്പ്**

**എം ജി വി സി യായി സ്ഥാനമേറ്റ പ്രൊഫ. ഡോ. സാബു തോമസ്**

### എം.ജി. പി.ജി. ഏകജാലക പ്രവേശനം: സപ്ലിമെന്ററി അലോട്ട്മെന്റ്: ഓപ്ഷൻ രജിസ്ട്രേഷൻ 3 വരെ; സപ്ലിമെന്ററി അലോട്ട്മെന്റ് സെപ്റ്റംബർ 6ന് പ്രസിദ്ധീകരിക്കും

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഏകജാലകം വഴിയുള്ള പി.ജി. പ്രവേശനത്തിനുള്ള സപ്ലിമെന്ററി അലോട്ട്മെന്റിന് സെപ്റ്റംബർ 3ന് വൈകീട്ട് 5 മണി വരെ പുതുതായി ഓപ്ഷൻ നൽകാവുന്നതാണ്. നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്ട്മെന്റുകളിൽ പ്രവേശനം ലിച്ചവർ ഉൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകർക്കും വേണ്ടി സ്പെഷ്യൽ അലോട്ട്മെന്റ് നടത്തുന്നതാണ്. അപേക്ഷകർ ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റ് മൂലം അലോട്ട്മെന്റിന് പരിഗണിക്കപ്പെടാത്തവർക്കും അലോട്ട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് ഒടുക്കാതെ തന്നെ തന്റെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്‌വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകൾ

പുതുതായി നൽകാവുന്നതാണ്. പുതിയ ആപ്ലിക്കേഷൻ നമ്പർ പിന്നീടുള്ള ഓൺലൈൻ ആവശ്യങ്ങൾക്കായി സൂക്ഷിച്ചുവയ്ക്കേണ്ടതാണ്. അപേക്ഷകന്റെ പിന്നീടുള്ള ആവശ്യങ്ങൾക്കായുള്ള ആപ്ലിക്കേഷൻ നമ്പർ പുതുതായി ലഭിക്കുന്ന ആപ്ലിക്കേഷൻ നമ്പറായിരിക്കും. ലോഗിൻ ചെയ്തശേഷം അപേക്ഷകന് താൻ നേരത്തെ നൽകിയ അപേക്ഷയിൽ എന്തെങ്കിലും തരത്തിലുള്ള തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ തിരുത്താവുന്നതും പുതുതായി ഓപ്ഷനുകൾ നൽകാവുന്നതുമാണ്. മേൽ വിഭാഗത്തിൽപ്പെടാത്തവർക്ക് പുതുതായി ഫീസൊടുക്കി സ്പെഷ്യൽ അലോട്ട്മെന്റിൽ പങ്കെടുക്കാവുന്നതാണ്. സ്പെഷ്യൽ അലോട്ട് മെന്റിൽ പങ്കെടുക്കുന്ന എല്ലാ അപേക്ഷകരും പുതുതായി ഓപ്ഷനുകൾ നൽകേണ്ടതാണ്. ഓപ്ഷനുകൾ നൽകിയശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കുക. അപേക്ഷയുടേയോ ഓപ്ഷനുകളുടെയോ പ്രിന്റൗട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളേജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സപ്ലിമെന്ററി അലോട്ട്മെന്റ് സെപ്റ്റംബർ 6ന് പ്രസിദ്ധീകരിക്കും. ഓൺലൈൻ രജിസ്ട്രേഷനായി www.cap.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**എം.ജി. ഡിഗ്രി ഏകജാലക പ്രവേശനം: മെറിറ്റ് സംവരണ സീറ്റുകളിലേക്കുള്ള ഫൈനൽ അലോട്ട്മെന്റ്: ഓപ്ഷൻ രജിസ്ട്രേഷൻ സെപ്റ്റംബർ 3 മുതൽ 4 വരെ**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഏകജാലകം വഴിയുള്ള ഡിഗ്രി പ്രവേശനത്തിനുള്ള ഫൈനൽ അലോട്ട്മെന്റിന് നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ചവർ ഉൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകർക്കും വേണ്ടി ഫൈനൽ അലോട്ട്മെന്റ് നടത്തുന്നതാണ്. അപേക്ഷകൻ ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റ് മൂലം അലോട്ട്മെന്റിന് പരിഗണിക്കപ്പെടാത്തവർക്കും അലോട്ട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് ഒടുക്കാതെ തന്നെ തിന്റെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ്വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതുതായി നൽകാവുന്നതാണ്. ഇതിനായി സെപ്റ്റംബർ 4ന് വൈകുന്നേരം 5 മണി വരെ പുതുതായി ഓപ്ഷനുകൾ നൽകാവുന്നതാണ്. ഫൈനൽ അലോട്ട്മെന്റിൽ പങ്കെടുക്കുന്നവർ പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനായി അപേക്ഷകൻ തന്റെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ് വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ്വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്യുക. പുതിയ ആപ്ലിക്കേഷൻ നമ്പർ പിന്നീടുള്ള ഓൺലൈൻ ആവശ്യങ്ങൾക്കായി സൂക്ഷിച്ചുവയ് ക്കേണ്ടതാണ്. അപേക്ഷകന്റെ പിന്നീടുള്ള ആവശ്യങ്ങൾക്കായുള്ള ആപ്ലിക്കേഷൻ നമ്പർ പുതുതായി ലഭിക്കുന്ന ആപ്ലിക്കേഷൻ നമ്പറായിരിക്കും. ലോഗിൻ ചെയ്തശേഷം അപേക്ഷകന് താൻ നേരത്തെ നൽകിയ അപേക്ഷയിൽ എന്തെങ്കിലും തരത്തിലുള്ള തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ തിരുത്താവുന്നതും പുതുതായി ഓപ്ഷനുകൾ നൽകാവുന്നതുമാണ്. ഫൈനൽ അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ അപേക്ഷകരും പുതുതായി ഓപ്ഷനുകൾ നൽകേണ്ടതാണ്. ഓപ്ഷനുകൾ നൽകിയശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കുക. അപേക്ഷയുടേയോ ഓപ്ഷനുകളുടെയോ പ്രിന്റൗട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളേജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓൺലൈൻ രജിസ്ട്രേഷനായി www.cap.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

യു.ജി. പ്രോഗ്രാമുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഫൈനൽ അലോട്ട് മെന്റിലൂടെ ഓപ്ഷനുകൾ നൽകേണ്ടതാണ്. മാനേജ്മെന്റ്/കമ്മ്യൂണിറ്റി ക്വാട്ടാകളിലെ പ്രവേശന നടപടിക്രമങ്ങളും സെപ്റ്റംബർ 17നകം പൂർത്തീകരിക്കേണ്ടതാണ്.

**പരീക്ഷാഫലം**

2018 മെയ് മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് മെഡിക്കൽ ബയോകെമിസ്ട്രി റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് സെപ്റ്റംബർ 12 വരെ അപേക്ഷിക്കാം.

2018 ഫെബ്രുവരി മാസത്തിൽ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി. സൈക്കോളജി (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2018 മെയ് മാസത്തിൽ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നടത്തിയ എം.ഫിൽ എജ്യൂക്കേഷൻ (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2016 മാർച്ച് മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം.ജെ.സി. (മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

**പി.എച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷാഫലം**

2018 ജനവരിയിൽ എം.ജി. യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിൽ നടത്തിയ ഗവേഷണ പ്രോഗ്രാമിനുള്ള പി.എച്ച്.ഡി. കോഴ്സ് വർക്ക് - 2017 പരീക്ഷയുടെ (റഗുലർ & സപ്ലിമെന്ററി) ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 14 വരെ അപേക്ഷിക്കാം. പരീക്ഷാഫലം www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**സർവ്വകലാശാലയിലെ ഇന്റർകോം നമ്പരുകൾ പ്രസിദ്ധപ്പെടുത്തി**

സർവ്വകലാശാലയിലെ എല്ലാ സെക്ഷനുകളിലെ (അഡ്മിനിസ്ട്രേഷൻ, എക്സാമിനേഷൻ, അക്കാഡമിക് & ഫിനാൻസ്) ജോലിയും, ബന്ധപ്പെടേണ്ട ഫോൺ നമ്പരുകളും, ഇമെയിൽ ഐഡിയും സർവ്വകലാശാലാ വെബ്സൈറ്റിൽ (www.mgu.ac.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**